# ഉറവുകൾ



## ജി എച്ച് എസ് എസ് ആതവനാട്

# ആമുഖം

*മലപ്പുറം ജില്ലയിലെ ആതവനാട് പഞ്ചായത്തിലാണ് ഗവ:ഹൈ സ്കൂൾ ആതവനാട് സ്ഥിതി ചെയ്യുന്നത് .ഈ സ്കൂളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിലാണ് ഈ ഡിജിറ്റൽ മാഗസിൻ രൂപകല്പന ചെയ്തത് . ഈ മാഗസിനിൽ ഉൾപ്പെടുത്തിയ രചനകൾ എല്ലാം ഈ സ്കൂളിലെ വിദ്യാർത്ഥികളുടേയും അദ്ധ്യപകരുടേയും സംഭാവനയാണ്*

# തയ്യാറാക്കിയവർ

*ജീവൻ കൃഷ്ണ . സി - 9B*
*ശ്രീ നന്ത്. സി . കെ -9A*
*മുഹമ്മദ് അലി . കെ . പി - 9A*
*ഫാസിൽ . കെ . ടി -9D*
*ഷാനൽ മുസ്താക്ക്.പി -9B*
*സബിൻ ലാൽ . ടി .കെ -9A*
*അഖിൽ .        -8B*
*അതുൽ . കെ -9A*
*കോഹൽ .        -9A*

# ഉള്ളടക്കം

1. വരുന്നുണ്ട്.....
2. പട്ടിണി....
3. സുഹൃത്തേ....
4. തകർച്ച
5. ഓർമകൾ
6. ചിത്രം
7. I T Quiz
8. Child Labour
9. My School
10. കുഞ്ഞു കഥകൾ
11. ജെന്നിയും കുതിരയും
12. Quotes
13. പ്രണയിനി
14. S S Quiz
15. അച്ഛന്റെ സ്നേഹം
16. അഭിമുഖം
17. മാനത്തെ അമ്മാവൻ
18. അമ്മ
19. കടം കഥ
20. മനുഷ്യനെ മൂകമാക്കും പൈശാചിക ശക്തി
21. പേപ്പറിന്റെ ആത്മ കഥ
22. പട്ടം
23. തെയ്യം
24. ബാല്യ കാലം
25. വായനാ കുറിപ്പ്
26. വേനൽ മഴ
27. രൂപ ചിഹ്നം
28. സ്മരണ
29. കഥ കളി
30. To My Soul

# വരുന്നുണ്ട്...

തുറന്നിട്ട കട്ടിള പിടിച്ച്
ഉമ്മറപ്പടിമേൽ ഇടതുകാൽ വെച്ച്
വരുന്നുണ്ട്...

തളയിടാത്ത കുഞ്ഞിക്കാല്
വിളുമ്പിൽക്കരുങ്ങി
'പൊത്തോ'എന്ന്
അകത്തുവന്നുവീണു...

ചിണുങ്ങിക്കരഞ്ഞ്
ചോന്നുതുടുത്ത്
മുട്ടിട്ടു നീന്തി മുറിയിലെത്തി

തളംകെട്ടി നിന്ന കണ്ണീരിൽ
കയ്യിട്ടു തല്ലി
ഒട്ടാകെ പിച്ചവെച്ച്
പെറുക്കിയുമെറിഞ്ഞും
ഒട്ടിഞ്ഞും തെളിഞ്ഞും
പതുങ്ങിവന്നൊടുക്കം
മൂലയിൽ മുഖംകുനിച്ചിറുക്കം
സത്യമാണ്,
എനിക്കിലി നിങ്ങളെ വേണ്ട
വേണ്ട ,മറ്റാരെയും...

രാധാമണി അയിങ്കലത്ത്
*(മലയാളം അദ്ധ്യാപിക)*



ഹരിതസേന അംഗങ്ങളുടെ പച്ചക്കറിതോട്ടം

# പട്ടിണി...

*ചന്ദ്രമിതി ഉറങ്ങുകയാണ് സരസ്വതിപുറത്തേക്കിറങ്ങി നോക്കി. പുളഴയുടെയക്കരയിൽ ഒരു നറുങ്ങു വെട്ടമല്ലാതെ അച്ഛനെകാണനില്ല. അമ്മയൊരുഭാഗം തളർന്ന് കിടപ്പി- ലാണ്. പട്ടിണി കിടക്കുന്നതിന്റെ ക്ഷീണം കൊണ്ടോ നേരം ഒരുപാടായത്തിന്റെ മയക്കം കൊണ്ടോ ചന്ദ്രമതി ഉറങ്ങിയിരുന്നു.അച്ഛനെകാണാതായപ്പോൾ സരസ്വതി ആ ഒറ്റമുറികുടിലിന്റെ അകത്തേക്ക്പോയി. ഒരു കട്ടിന്മേൽ അമ്മകിടക്കുന്നു. താഴെ ഒരു പായ വിരിച്ചാണ് ചന്ദ്രമതികിടക്കുന്നത്. അമ്മയുടെ അടുത്ത് കിടന്നപ്പോൾ സരസ്വതിക്ക് എളുപ്പം ഉറക്കം വന്നു.സമയം ഒന്നരകഴിഞ്ഞപ്പോൾ കതക്ക് മുട്ടുന്നു. സരസ്വതി എഴുന്നേറ്റു. അത് അച്ഛനാകാമെന്ന് അവൾക്ക് ഉറപ്പുണ്ടായിരുന്നു ആ ദിവസത്തെ മൊത്തം കൂലി കൊണ്ട് രണ്ട് ദിവസത്തിന് ശേഷം അവർ അരിവാങ്ങി. സരസ്വതിയുടെ അടുക്കൽ കൊടുത്തു.എന്നിട്ട് പറഞ്ഞ്:"എനിക്ക് നല്ല ക്ഷീണം .ഞാൻകിടക്കുവാ. നിങ്ങൾ കഴിച്ച്കിടനോളിൻ". സരസ്വതി ചന്ദ്രമതിയെ ഉണർത്തി.*

*അരിയുണ്ടെന്ന് പറഞ്ഞിട്ടോ എന്നറിയില്ല ചന്ദ്രമതിയെളുപ്പമെഴുന്നേറ്റു. അരി വെന്തപ്പോൾ*

*അച്ഛനെ ഉണർത്തി.അച്ഛൻ വേണ്ട എന്നു പറഞ്ഞെങ്കിലും മക്കളു വാശി കാരണം അച്ഛൻ അത്തായം കഴിച്ചു.സരസ്വതി അമ്മയ്ക്ക് വാരി കൊടുക്കുകയാണ് ചെയ്തത്. അങ്ങനെ അവർ കിടന്നു.കോഴി കൂവുന്നതിന് മുമ്പ് തന്നെ അവർ എഴുന്നേറ്റിരുന്നു . ഇന്നലെ മീൻ കൊട്ട ചുമന്നാണ് കാശ് കിട്ടിയത് . ഇന്ന് എന്ത് ചെയ്താണ് കഴിച്ച്കൂട്ടുക എന്നറിയില്ല . പെട്ടന്നാണ് അമ്മയ്ക്ക് വലിവ് കൂടിയത്.അശുപത്രിയിൽ*

*കൊണ്ട് പോയി.*

*സർക്കാർ അശുപത്രിയായത്കൊണ്ട് വലിയ ചിലവെന്നും സരസ്വതിയുടെകയ്യിലെ ഒരു ഗ്രാമിന്റെ മോതിരം വിൽക്കേണ്ടി വന്നു.ഫസ്റ്റ് റാങ്ക് കിട്ടിയത് സ്കൂളിന്റെ വക നൽകിയതായിരുന്നു.സാമ്പത്തിക ബുദ്ധിമുട്ട് കാരണത്താൽ അവൾക്ക് തുടർന്ന് പഠിക്കാൻ സാധിച്ചില്ല . അവളുടെവിരലിൽ നിന്ന് അത് ഊരുമ്പോൾ അച്ഛന് നല്ല വിഷമമുണ്ടായിരുന്നു . അന്ന് പണിക്കൊന്നും പോകാത്തതിനാൽ അന്നും അവർ പട്ടിണിയിലായിരുന്നു . അവർ കർഷകരായിരുന്നാലും അവർക്ക് നല്ല വരുമാനമുണ്ടായിരുന്നു . കാലം അതിന് വഴിയുണച്ചില്ല.കടം കേറി ഇങ്ങനെയായതാ- ണ്. ചന്ദ്രമതി ഒരു ദിവസം നാല് നേരം തിന്നിരുന്ന ഒരു തടിച്ചിയായിരുന്നു.ഇപ്പോൾ ഒരു നേരം പോലും തിന്നാനില്ലാത്ത നിർഭാഗ്യവതിയാണ്.അവൾ നാളെ അരിക്ക് എന്ത് ചെയ്യുമെന്ന് ആലോചിക്കുകയാണ്*

*നാസിലറൈഹാനത്ത്*



# സുഹൃത്തേ....



*എൻ പ്രിയ സുഹൃത്തേ...*
*നൻമതൻ ചിരി തൂകിയില്ലേ നീ*
*വിരിഞ്ഞുന്ന നിൻ പുഞ്ചിരിയിൽ*
*അലിഞ്ഞുചേർന്നില്ലേ എൻ മനം*

*നിൻ സ്നേഹത്തിൽ മതിമറന്ന് ഞാൻ*
*അറിയാതെ ആശിച്ചു നിൻ സാമിപ്യം*
*മലയോളം ആശകൾ നൽകി നീ...*
*എന്നിൽ നിന്നകന്നില്ലേ, സുഹൃത്തേ നീ*

*അറിഞ്ഞില്ലല്ലോ ഈ ഞാൻ*
*നിന്നിലെ ഈ കപട സ്നേഹത്തെ*
*എൻ മനം തകർത്തെറിഞ്ഞു നീ*
*എവിടയോ പോയ്മറഞ്ഞില്ലേ,*
*സുഹൃത്തേ നീ...*
*ഇന്നും സ്മരിക്കുന്നു നിന്നെ ഞാൻ*
*എൻ മനസിലെ മുറിവിന്റെ നീറ്റലായി*
*അറിയാതെ എരിയുന്നു ഈ മനം*
*അകലയിലെ നിൻ ഓർമയിൽ*

***ആഷിഫ ഷെറിൻ .കെ***



**സ്കൂളിലെ സ്പോട്സ്അംഗങ്ങൾ**
**(Boys)**



*തിരക്കഥ*

# തകർച്ച

രംഗം 1

(കൂരിരുട്ടിന്റെ താളത്തിൽ ഉറക്കച്ചുവടിന്റെ പൂമുഖത്തേക്ക്.ഒരു ഗ്രമത്തിൽ ഒരു പാവപ്പെട്ടവന്റെ വീട്.രാത്രി.)

മകൾ :- അമ്മേ.., വിശക്കുന്നു

അമ്മ :-കുറച്ചുനേരം കൂടി കഴിയട്ടേ,അമ്മ സീനതാത്താന്റെ വീട്ടിൽ പോ-യി ഒരു ഇത്തിരി ചോറു വാങ്ങി വരാം

മകൾ :-ശരി,അമ്മേ..

(അർധരാത്രി കിട്ടിയ പൈസക്ക് കള്ളും മോന്തി ആടിയാടി അച്ഛൻ വരുന്നു.)

മകൾ :- അച്ഛാ..

(മകൾ അച്ഛനെ കെട്ടിപ്പിടിക്കുന്നു.)

അച്ഛൻ :- ഒന്നു മാറി നിക്കടി .. അങ്ങട്ട്.

അമ്മ :- ഓ നിങ്ങൾ വന്നോ..?

അച്ഛൻ :- നീ എവിടേക്കാടി പോയിന്ന്..?

അമ്മ :- നിങ്ങളൊരു മനുഷ്യനാണോ..? ഒരു വസ്തു ഈ വീട്ടിലില്ല. വല്ല ജോലീം ചെയ്ത് കിട്ടുന്ന പൈസയ്ക്ക് ഇങ്ങനെ കുടിച്ചിട്ട് വന്നാലോ..?

അച്ഛൻ :- നീ മിണ്ടരുത്.

(അച്ഛൻ തന്റെ ഭാര്യയെ ശകാരിക്കുന്നു, തല്ലുന്നു. അച്ഛൻ വീടിനക-ത്തേക്ക് പോവുന്നു.)

മക്കൾ :- അമ്മേ..എന്താ അമ്മേ അച്ഛൻ ഇങ്ങനെ ചീത്ത പറയുന്നത്?

അമ്മ :- ഇല്ല മോളേ , ഇനി അച്ഛൻ അമ്മേനെ ചീത്ത പറയില്ലാട്ടോ..
മോക്ക് വിശപ്പില്ലെ..? വാ.. അമ്മ ചോറു തരാം.

രംഗം 2

(അടുത്ത ദിവസം രാവിലെ അച്ഛൻ ജോലിക്കു പോകുന്നു.അമ്മ മകളെ സ്കൂളിലേക്കും വിടുന്നു.)

വൈകുന്നേരം

അമ്മ :- മോളെ.. വാ നമ്മുക്ക് ഭക്ഷണം കഴിക്കാം.
മകൾ :- ശരി അമ്മേ..

(അമ്മ മകൾക്ക് ഭക്ഷണം വാരികോടുക്കുന്നു.)
(അൽപ്പ നേരത്തിന് അമ്മ ചോറിൽ വിഷം ഒഴിക്കുന്നു.)
മകൾ ചുമച്ച് കൊണ്ട്, അമ്മേ എനിക്ക് വയ്യാ.
അമ്മ :- മോളെ എന്നോട് ക്ഷമിക്കണം ഞാൻ... ഞാനവശയായി.
അച്ഛൻ :- ഇന്ന് കൂലി കിട്ടാതത്തിനാൽ അച്ഛൻ കുടിച്ചിട്ടില്ല...

(വീട്ടിലേക്ക് വന്നപ്പോഴാണ് തന്റെ കൺമുന്നിൽ പിടഞ്ഞു വീണ ഭാര്യയേയും മകളേയും കാണുന്നത്. സങ്കടം സഹിക്കാനാവാത്തെ അച്ഛൻ പോട്ടി കരയുന്നു.)

(അത്,മധ്യപാനമാണ് ഈ നാടകത്തിന്റെ പ്രധാനാശയം.ഇനിയെങ്കിലും മധ്യപാനം നമ്മുടെ ഉറ്റവരെ നശിപിക്കാതിരിക്കട്ടെ..ലഹരി വിമുക്ത കേരളത്തിനായ്...)

*മേഘ . ടി*

# ഓർമ്മകൾ

ചിതലരിച്ച  വീണ്ടുകിട്ടിയ പകൽകിനാക്കൾ
തരിച്ചുതന്നത് ശുഷ്കിച്ച കറുത്ത
കാൽച്ചുവടുകൾ മാത്രം
എന്നിട്ടും,തനിയെ ചുറ്റിതിരിഞ്ഞു
കിടക്കുമ്പോൾ
കട്ടപിച്ച ചോരയുടെ നിറമുള്ള
നനഞ്ഞ ഓർമ്മക്കൾ
കൂടെ കിടക്കാൻ  വന്നു.
ഒരുപക്ഷേ,മറവിയിൽ നിശബ്ദമായ
വെടിയുണ്ടകൾ തീർത്ത മരണങ്ങൾ
എനിക്കുവേണ്ടി തിരിച്ചുവന്നതായിരിക്കാം.

# വിയർപ്പുറ്റുന്ന മുടിയിഴകൾ

കനലിൽ ഉതിർന്ന് വീണതാകാം.
എന്നാലും,
തിരിച്ചു വരാൻ പേടിയായതുകൊണ്ട്
കിതപ്പിനെ കൂടെ കൂട്ടിയതാകാം.
എന്നിട്ടും,
വഴിയുടെ നീളൻ കൈകൾ വീശി
അവ എന്നിലേക്ക് തിരിച്ചു വരുന്നു.

*ഹരിപ്രിയ .എൻ*



**സബിൻ ലാൽ**
*9-A*

# IT QUIZ

1. നിപുണനായ ഒരു കമ്പ്യൂട്ടർ യൂസറിന് നൽകിയിരിക്കുന്ന പേര് എന്ത് ?
2. രണ്ട് അടിസ്ഥാന അനിമേഷൻസ് ഏതൊക്കെണ് ?
3. കമ്പ്യൂട്ടർ ഔട്ട്പുട്ടിനെ പെപ്പറിലോ ഫിലിമിലോ അച്ചടിച്ച് നൽകുന്ന ക മ്പ്യൂട്ടർ ഉപകരണം ഏതാണ് ?
4. ലൈപ്റ്റോപ്പിനോൾ ചെറുതും ഒരു ചെറിയ പുസ്തകത്തിന്റെ വലുപ്പമുള്ള ക മ്പ്യൂട്ടർ ഏത് ?
5. ഒരു സോഴ്സ് പോഗ്രാമിലെ ശബ്ദ സംബന്ധമായ (ലെക്സിക്കൽ) ഭാഗങ്ങളെ തിരിച്ചറിയുന്നതിനുള്ള സംവിധാനമെന്ത് ?
6. കൃത്രിമ ബുദ്ധി പ്രയോഗങ്ങൾക്ക് ഉപയോഗിക്കപ്പെടുന്ന ഒരു ഉയർന്ന പ്രോഗ്രാമിങ് ഭാഷയേത് ?
7. ഒരു ഇഞ്ച് നീളത്തിന്റെ നൂറിലൊരു ഭാഗമായ ഒരു മൗസ് ചലനത്തിനെ പ്രോഗ്രാമറുടെ ഭാഷയിലെന്ത് പറയുന്ന ?
8. ഒന്നോ അതിലധികമോ ബട്ടണുകളുള്ള പെയിന്റിങ്ങിന് അഥവാ ചിത്രം വരക്കുന്നതിന് ഉപയോഗിക്കുന്ന ഒരു ഇൻപുട്ട് ഉപകരണം ?
9. കമ്പ്യൂട്ടർ എഞ്ചിനീയറിങ് എന്താണ് ?
10. വിവരങ്ങളുടെയോ പ്രോഗ്രമിന്റെയോ പകർപ്പ് മറ്റൊറു സംഭരണ മാധ്യമത്തിൽ കാണപ്പെടുന്നതിനെ എന്തു പറയുന്ന ?
11. ബാക്ക് പ്ളേൻ എന്താണ് ?
12. പോഴ്സണൽ കമ്പ്യൂട്ടർ വ്യവസായം ആരംഭിച്ചതാര് ?
13. മെയിൻ ഫ്രെയിം കമ്പ്യൂട്ടറുകളിൽ വലിപ്പം കുറഞ്ഞവയെ എന്ത് പറയുന്ന ?
14. ഒരു ചെറിയ സിലിക്കോൺ സെമികണ്ടക്ടർ സ്ഫടിക ത്തിൽ പതിപ്പിച്ചിട്ടുള്ള ഇന്റഗ്രേറ്റഡ് സർക്യൂട്ടിന്റെ പേരെന്ത് ?
15. ഡേറ്റ സ്ഥാപനത്തിൽ ഏറ്റവും ഉന്നത പദവി ഏതിനാണ് ?

# ഉത്തരങ്ങൾ

1. HACKER
2. FRAME & CAST
3. PRINTER
4. NOTE BOOK COMPUTER
5. സ്കാനിങ്
6. ലിപ്സ്
7. മിക്കി
8. മൗസ്
9. കമ്പ്യൂട്ടർ ഹാർഡ് വെയറും അതുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയർ നിർമ്മാണവും
10. BACKUP
11. MOTHER BOARD
12. APPLE
13. MINI COMPUTER
14. CHIP
15. DATABASE

# CHILD LABOUR IN INDIA



Child labour is practice of having children engage in economic activity,on apart or full-time basis . The practice deprives children of their childhood,and is harmful to their physical and mental development. Property,lack of good schools and the growth of the informal economy are considered to be the key causes of child labour in India .Some other causes of child labour in India are cheap wages and accessibility to factories that can produce the maximum amount of goods for the lowest possible price .Corruption in the government of India also plays a major role in child labour because laws that should be enforced to prevent child labour are not because of the corrupt government



**_സ്കൂളിലെ സ്പോട്സ് അംഗങ്ങൾ_**
**_(Girls)_**



# MY SCHOOL

My school is G .H .S .S Athavanad . In our school the classes are starting from 8thstanderd to +2. We have a good library . At noon books are distributed to students by student librarians. All classes are high tech . Different clubs are working in our school like English Club, SS Club, Science Club, Harithasena, Sports Club, Little Kites etc. Also we have a school radio program.

(രണ്ട് "കുഞ്ഞു"കഥകൾ)

# സുഹൃത്ത്

**ന്യൂ**ട്ടന്റെ ചലന നിയമങ്ങളും ഡാർവിൻ സിദ്ധാന്തങ്ങളും ഓർമയിൽ നിന്ന് എന്നോ മാഞ്ഞ് പോയെങ്കിലും ഇന്നും രണ്ട് മൈനയെ കാണമ്പോൾ എനിക്കുണ്ടാകുന്ന ആഹ്ലാദവും ഒരു മൈ-നയെ കാണമ്പോൾ ഉള്ളിൽ ഉണ്ടാകുന്ന വേദനയും എന്റെ ജീവി-തത്തിൽ നീ ചെലുത്തിയ സ്വദീനത്തിന്റെ തീവ്രതയാണെന്ന് ഞാൻ തിരിച്ചറിയുന്നു

# അവൾ പറഞ്ഞത്

**അ**ന്ന്..., ആൺകുട്ടികളും കൂടെ പഠിക്കാനുണ്ടെന്നും പറഞ്ഞ് പത്താം ക്ലാസ് കഴിഞ്ഞപ്പോൾ എന്റെ പഠനം നിർത്തി വിവാഹം കഴിപ്പിച്ചു.......! അതും , ഒരാണിന്..........!!!

സി.വിശ്വനാഥൻ
ബയോളജി അദ്ധ്യപകൻ

# ജെന്നിയും കുതിരയും

ഒരാൾ രാവിലെ പൂമുഖത്തിരുന്ന് പത്രം വായിക്കുകയായിരുന്നു.പെട്ടെന്ന് ചപ്പാത്തിക്കോൽ കൊണ്ടുള്ള ഒരടി അയാളുടെ തലയിൽ വീണു. ഞെട്ടിത്തിരിഞ്ഞു നോക്കിയപ്പോൾ തന്റെ ഭാര്യ ദേഷ്യത്തോടെ നിൽക്കുന്നു.

“എന്തിനാ എന്നെ തല്ലിയേ?” തല തടവിക്കൊണ്ട് -

അയാൾ അട്ടഹസിച്ചു.

“ജെന്നി എന്ന് പേരെഴുതിയ കടലാസ് നിങ്ങളുടെ പോക്കറ്റിൽ നിന്നും കിട്ടി.”

"എടീ മണ്ടി...,ജെന്നി എന്നത് ഒരു കുതിരയുടെ പേരാണ്.കഴിഞ്ഞാഴ്ച ഞാൻകുതിരപ്പന്തയത്തിന് പോയിരുന്നേിലേ? ആ കുതിരയുമായായിരുന്നു എന്റെ പന്തയം."

ഓ അത് ശരി...,ഞാൻ വിചാരിച്ചു........സോറി ചേട്ടാ "മൂന്ന് ദിവസം കഴിഞ്ഞ് അയാൾ ടി.വി കണ്ടുകൊണ്ടിരിക്കെ പെട്ടെന്ന് ചപ്പാത്തിക്കോൽ കൊണ്ടുള്ള അടി വീണ്ടും കിട്ടി.

"എന്തിനാ എന്നെ തല്ലിയേ?”

“നിങ്ങളുടെ കുതിര ഇന്ന് ഫോൺ ചെയ്തിരുന്നു.”

# QUOTES

Life of little ones
are best royed When child
labour is employed

"Show a
Child love&care
Child labour is
Just not
Fair"

The way we talk
to our
Children becomes
Their inner voice

# പ്രണയിനിയോട്

*നിന്റെ  പ്രണയി മൂകൻ*
*നിന്നോട് മൊഴിയില്ലവൻ*
*അവൻ ബധിരൻ*
*നിന്റെ പാട്ട് അവനിലെത്തില്ല*
*അവൻ അന്ധൻ*
*നിന്റെ അഴക് വ്യർത്ഥം*
*അവൻ നിരക്ഷൻ*
*നിന്റെ അക്ഷരമോഹം*
*അടുപ്പിലിടാം*
*പിന്നെയും നീയവനെ*
*പ്രണയിക്കുന്നു?*

*രാധാമണി അയിങ്കലത്ത്*
*മലയാളം അദ്ധ്യാപിക*



# പൊതുവിജ്ഞാനം ക്വിസ്സ്

1. ഇന്ത്യയുടെ രണ്ടാമത്തെ ഉപഗ്രഹത്തിന്റെ പേര് എന്ത് ?
2. ഉദയ സൂര്യന്റെ നാട് എന്നറിയപ്പെടുന്ന രാജ്യമേത് ?
3. ദേശബന്ധു എന്നറിയപ്പെടുന്നതാര് ?
4. കാറ്റിന്റെ നഗരം എന്നറിയപ്പെടുന്ന നഗരം ഏത് ?
5. ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ അണക്കെട്ട് ഏത് ?
6. ഇന്ത്യൻ ഭരണഘടനയിലെ 101-ാംഭേതഗതി എന്തിനെ സൂചിപ്പിക്കുന്ന ?
7. മീൻക്കര ജലസേചന പദ്ധതി ഏത് ജില്ലയിലാണ് ?
8. റഷ്യയുടെ കായിക വിനോദമേത് ?
9. ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ വെള്ളച്ചാട്ടം ഏത് ?
10. ഇന്ത്യയിൽ ഏറ്റവും കൂടുതൽ സ്വർണം ഉൽപാദിപ്പിക്കുന്ന സംസ്ഥാനമേത് ?
11. കേരളത്തിന്റെ ചിറാപ്പുഞ്ചി എന്നറിയപ്പെടുന്ന സ്ഥലമേത് ?
12. കേരളത്തിലെ ഏറ്റവും വലിയ ജലസേചന പദ്ധതി ഏത് ?
13. ഇന്ത്യയുടെ ഇപ്പോഴത്തെ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ആര് ?

14.ഇന്ത്യയുടെ കളിത്തട്ട് എന്നറിയപ്പെടുന്ന
സ്ഥലമേത് ?

15. ഇന്ത്യയിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള പട്ടണമേത് ?

16. ഏറ്റവും കൂടുതൽ രാജ്യങ്ങളുള്ള വൻകരയേത് ?

17. ഒന്നാം കേരള നിയമസഭയിലെ റവന്യൂ എക്സൈസ് മന്ത്രി
ആരായിരുന്നു ?

18. ഇന്ത്യൻ ഭരണഘടനയിലെ എത്ര വകുപ്പ് പ്രകാരമാണ്
ജമ്മുകാശ്മീരിന് പ്രത്യേക പദവി നൽകിയത് ?

19. വാരണാസിയിൽ നിന്ന് തുടങ്ങി കന്യകുമാരി വരെ
അവസാനിക്കുന്ന നാഷണൽ ഹൈവേ ?

20. യമുന ഹൈഡ്രോ ഇലക്ട്രിക്ക് വൈദ്യുതി പദ്ധതി ഏത്
സംസ്ഥാനത്താണ്

ഉ
ത്ത
രം
31
ൽ



## രാജൻ മാഷിന്റെ കലാവിരുത്





# അച്ഛന്റെ സ്നേഹം

തോരാത മഴ. അവൾ ആലോചനയിലാണ്. സ്കൂൾ തുറക്കുന്ന സമയം കടകളിലൊക്കെ വൻ തിരക്ക്. അനു അച്ഛന്റെ കൈപിടിച്ച് തിരക്കിനിടയിലൂടെ തിക്കിത്തിരക്കി എങ്ങനെയൊ ഒരു കടയുടെ മുമ്പിലെത്തി .ഭംഗിയുള്ള ചട്ടകള്ളിൽ നല്ല നല്ല പുസ്തകങ്ങൾ. ഒരു നിമിഷം അവൾ ആലോചിച്ചു.കഴിഞ്ഞതെല്ലാം അവളുടെ ക്ലാസ്സിലുണ്ടായിരുന്ന കേശുവിനും മീനുവിനും അവളുടെ പുസ്തകത്തേക്കൾ വലുപ്പവും നിറവും ഉള്ള പുസ്ത കങ്ങലായിരുന്നു. അതുപോലെതന്നെ നല്ല ഭംഗിയുള്ള പേനയുമായിരുന്നു അവൾ എഴുതാൻ ഉപയോ ഗിച്ചിരു- ന്നത് .അവരുടെയൊക്കെ അച്ഛൻ വിദേശ ത്താണ്. അതു കൊണ്ടു തന്നെ അവർക്ക് വേണ്ടുന്ന സാധനങ്ങളെ- ല്ലാം കൊണ്ടുവരും . അവൾ ആലോ നയിൽനിന്നുണർന്നു.

കടക്കാരോട് ചിലതൊക്കെ പറയുന്നത് അനുശ്രദ്ധയോടെ കേട്ടു . "ചേട്ടാ 20 രൂപയു-ടെ 4 പുസ്തകങ്ങൾ ." അനുവിന്റെ അച്ഛൻ പറഞ്ഞു."8 രൂപയുടെ ഒരു പുസ്തകം ." അനു അച്ഛനെ നോക്കി . അച്ഛൻ അവളെ തലോടിക്കൊണ്ടു പറഞ്ഞു : " മോളെ അനൂ , പഠിക്കുന്ന കുട്ടികൾക്ക്പഠിക്കാൻ ഒരു പുസ്തകവും പെൻസിലും മതി . നീ നാലാം ക്ലാ- സ്സിലല്ലേ പഠിക്കുന്നത് . അഞ്ചിലേക്ക് പ്രവേശിക്കുമ്പാൾ എന്റെ പൊന്നുമോൾക്ക് അച്ഛൻ നല്ല വലുപ്പമുള്ളതും നിറമുള്ളതുമായ 4 പുസ്തകങ്ങൾ വാങ്ങിത്തരാം. എന്താ പോരേ ?" അനു സന്തോഷത്തോടെ തലയാട്ടി .

അന്നും തോരാത്ത മഴ . ഇന്നലേകൾ അവളുടെ മനസിലൂടെ പാഞ്ഞുപോയി . ഇന്ന് , അച്ഛൻ കൂടെയില്ലല്ലോ എന്ന വേദനയിൽ അവൾപുറത്തേക്കിറങ്ങി . പറമ്പിൽ , ഒരാ മൂലയിലായി

അച്ഛനുറങ്ങുന്നു . അവിടെയിരുന്ന് ആഗ്രഹങ്ങളും പരാതികളും പറഞ്ഞുതീർത്തപ്പോഴേക്കും ആശ്വാസകുളിർകാറ്റായ് അച്ഛനവളെ കെട്ടിപ്പുണർന്നു .

അഖില .ടി



# അഭിമുഖം

1q. എത്ര വർഷമായി ഈ സ്കൂളിൽ വന്നിട്ട്?

1ans. 1997-ൽ വന്നു.22 വർഷം

2q. വന്നപ്പോൾ സ്കൂളിനെ കുറിച്ചുള്ള കാഴ്ച്ചപ്പാട്?

2ans. അധ്യാപകരുടെ അഭാവം ഉണ്ടായിരുന്നു. കുട്ടികൾ സ്കൂളിൽ എത്താനുള്ള ബുദ്ധിമുട്ട് പഠനത്തിൽ പിന്നോക്കമായിരുന്നു.വാഹന സൗകര്യം കുറവായിരുന്നു. രക്ഷിതാക്കളുടെ ഇടപെടൽ കുറവായിരുന്നു. വിജയശതമാനം കുറവുതന്നെയായിരുന്നു.

3q. ശാരീരികമായിട്ട് ഇപ്പോഴെന്തെങ്കിലും പ്രശ്നമുണ്ടോ?

3ans. ശാരീരികമായന്നു പറയാൻ കണ്ണിനാണ് പ്രശ്നം. കണ്ണിനു കാഴ്ചയിൽ ചില പ്രശ്നങ്ങൾ നേരിടുന്നു

4q. ഇപ്പോൾ ഇങ്ങനെയൊരു മാഗസിൻ ഉണ്ടാക്കാനുള്ള കാരണം?

3ans. ചിത്രകലയ്ക്കും,സംഗീതത്തിനും ഒരു മാഗസിൻ ഉണ്ടാക്കണം എന്ന ഒരു തീരുമാനം

5q. ഈ മാഗസിന് 'ജതി' എന്ന പേരിടാൻ കാരണമെന്താണ്?

5ans. സംഗീതവുമായി ബന്ധപ്പെട്ടാണ് ഇങ്ങനെ ഒരു പേരിട്ടത്. ജതി എന്നാൽ വായ്ത്താരി എന്ന അർത്ഥം വരുന്നു.

6q. ലക്ഷ്യം ?

6ans. കുട്ടികൾ ചിത്രകലയോയും സംഗീതത്തെയും പരിചയ പെടുത്തുകയാണ് മുഖ്യലക്ഷ്യം

7q. ഈ മാഗസിൻ ഇറങ്ങുപോൾ കുട്ടികൾക്കുണ്ടായ പ്രതികരണം?

7ans. വളരെ താൽപ്പര്യപൂർവ്വം അതിൽ പങ്കുചേർന്നു.

8q. സാധാരണ മാഗസിനിൽ നിന്ന് ഈ മാഗസിൻ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

8ans. വലുപ്പത്തിൽ വ്യത്യാസമുണ്ട്,ചിത്രങ്ങൾ ധാരാളം ഉൾപ്പെട്ടിരിക്കുന്നു.പൂർണമായും കുട്ടികളുടെ പൂർണമായും കുട്ടികളുടെ പങ്കാളിത്തത്തോടു ചെയ്ത മാഗസിനാണിത്.

9q. ടീച്ചേഴ്സ് എങ്ങനെ പ്രോത്സാഹിപ്പിച്ചു/പങ്കാളിത്തം

9ans. ടീച്ചേഴ്സ് വളരെ താൽപര്യത്തോടെ എടുക്കുകയും പങ്കുചേരുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

10q. ഇങ്ങനൊരു മാഗസിൻ നിർമ്മാണത്തിന് ഒരുപാടു കാലം കാത്തിരുന്നിട്ടുണ്ടോ?

10ans.ഒരാഴ്ചത്തെ കുട്ടികളുടെ പ്രകടനം മാത്രമാണ് ഈ മാഗസിൻ.ഇതിനു കാരണം ഇങ്ങനെ ഒരു ലൈബ്രറി ഉണ്ടായതും ചിത്രങ്ങൾ വരക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടായതുമാണ്.

11q. വിപുലീകരിക്കാൻ ഉദ്ദേശ്യം


11ans.ഇത് വിപുലീകരിക്കാൻ ചിന്തിച്ചിട്ടില്ലേലും, പുതിയ മാഗസിനുകൾ വർഷവും ഇറക്കാറുണ്ട്. അങ്ങനെ ഒരു മാഗസിൻ ഉണ്ടാക്കാൻ ഉദ്ദേശ്യം ഉണ്ട്.

12q. കലയെയും സാഹിത്യത്തെയും കുറിച്ച് ഞങ്ങളോടെന്താണ് പറയാനുള്ളത്?

12ans.ഓരോ ചിത്രവും പുതിയ കാഴ്ചകളായിരിക്കണം. ഏത് ആശയവും ചിത്രമാക്കിമാറ്റാൻ കഴിയും.മനുഷ്യന്റെ ചിന്തകളിലേക്ക് നയിക്കാൻ പ്രേരണയാകാൻ സാധ്യതയുള്ള ഒരു മാധ്യമം. സമൂഹത്തോട് പ്രതികരിക്കാനുള്ള കഴിവുണ്ട്.

13q. ഈ മാഗസിനിൽ എന്തെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്?

13ans.സംഗീതം ചിത്രകലയുടെ പ്രാധാന്യം ബോധ്യാപ്പെടുത്താനും ഇവയുടെ വ്യത്യസ്ത തലങ്ങളെ പരിചയപ്പെടുത്താനും ഈ മേഖലകളിൽ കുട്ടികളിൽ താൽപര്യം ജനിപ്പിക്കാനും ഈ മാഗസിന് ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്. പ്രത്യേകിച്ച് ലക്ഷ്യ ബോധമില്ലാത്ത ഒരു വിഭാഗം യുവതയെ നന്മയുടെ *വശങ്ങൾ മനസ്സിലാക്കാനും അവരിലെ ഊർജ്ജം ഇത്തരം മേഖലകളിലേക്കു തിരിച്ചുവിടാനും ഒരു ചെറിയ ചുവടുവെപ്പായി ഈ മാഗസിൻ നിർമാണത്തെ കാണുന്നു.*



# ഉത്തരങ്ങൾ

1. ഭാസ്കര-1
2. ജപ്പാൻ
3. സി.ആർ. ദാസ്
4. ചിക്കാഗോ
5. ഹിരാക്കുഡ്
6. G .S .T
7. പാലക്കാട്
8. ചെസ്സ്
9. ജോഗ് വെള്ളച്ചാട്ടം
10. കർണ്ണാടക
11. ലക്കിടി
12. കല്ലട
13. സുനിൽ അറോറ
14. കാശ്മീർ
15. കൽക്കട്ട
16. ആഫ്രിക്ക
17. കെ.ആർ. ഗൗരിയമ്മ
18. വകുപ്പ്-370
19. N .H-7
20. ഉത്തർപ്രദേശ്_

# മാനത്തെ അമ്മാവൻ



*ഉമ്മറത്തിണ്ണയിൽ വന്നിരുന്നു*
*അമ്പിളിമാമനെനോക്കുംനേരം*
*അമ്മയോടൊത്തു നോക്കും നേരം*
*മാമൻ എന്നെ നോക്കി പുഞ്ചിരിതൂകി*
*മാമന്റെ പുഞ്ചിരി കാണും നേരം*
*എന്റെ മനസ്സിലും പുഞ്ചിരി പൂവിടുന്നു*
*ഒരു കുഞ്ഞുപുഞ്ചിരി എന്റെ മനസ്സിലും പൂവിടുന്നു*

*ചിത്ര സുനിൽ*

# അമ്മ



അമ്മയുടെ സ്നേഹവും വാത്സല്യങ്ങളും ശാസനയും ജീവിതത്തിൽ വെളിച്ചം നകർന്നതന്നിട്ടുണ്ട് . ഒരു പക്ഷേ എല്ലാ അമ്മമാരും മക്കൾക്ക് വിലമതിക്കാനാകാത്ത ദൈവം തന്ന സമ്മാനമായിരിക്കാം . ഓർമ്മവച്ച കാലം മുതൽ തന്നെ ഒരു വഴികാട്ടിയായി എന്റെ കൂടെയുണ്ടായിരുന്ന . തെറ്റായ കാര്യങ്ങൾ കണ്ടാൽ ശാസിച്ചും നല്ലകാര്യങ്ങൾക്ക് പ്രോത്സാഹ- നം നൽകിയും പഠനകാര്യങ്ങളിൽ ശ്രദ്ധിച്ചും വാത്സല്യം നകർന്നും അ-
മ്മ വലിയൊരു സ്നേഹത്തിന്റെ ഉടമയായിമാറി . ഞാൻ എന്റെ എല്ലാ കാര്യങ്ങളും അമ്മയോട് പങ്കുവെക്കാരുണ്ട് . ഞാൻ മറന്നാൽ അത് എന്നോട് ചോദിക്കാറുണ്ട് . ഒരോ പ്രതിസന്ധിയെയും തരണം ചെയ്ത് ജീവിക്കാനും കളിച്ചും പഠിച്ചും വളരാനും എന്നെ പഠിപ്പിച്ചത് അമ്മയാണ് . ഒരു ചെറിയ അസുഖം വന്നാൽപോലും എന്നെ നെഞ്ചോട് ചേർത്ത് എനിക്കു വേണ്ട സ്നേഹവും തണലും നൽകുന്നത് അമ്മയാണ . ചില സമയങ്ങളിൽ
അമ്മ എനിക്ക് മാതൃകയായി മാറിയിട്ടുണ്ട് . അമ്മയുടെ സ്നേഹവും മാതൃ-
ത്വവും ഇപ്പോഴും എന്നെ നയിച്ചികൊണ്ടിരിക്കുന്ന....

ഗയത്രി.എം
9-B

# കടംകഥകൾ

1. അടക്കും തുറക്കും മണിമുത്തിൻ പതായം.
2. അഞ്ച് കോലൻകിളികൾ കൂടി ഒരു മുട്ടയിട്ടു.
3. അടിക്ക് വെട്ട്, നടുക്ക് കെട്ട്, തലക്ക് ചവിട്ട്.
4. വീണ വിരിഞ്ഞ വെള്ളരി പൂക്കൾ.
5. വെള്ളക്കാളക്ക് നെരുകിൽ കൊമ്പ്.
6. വരുമ്പോൾ കുന്തം, വിരിയുമ്പോൾ പായ.
7. വരുമ്പോൾ കരഞ്ഞ്, പോകുമ്പോൾ കരയിച്ച്.
8. മൂക്ക് മൂന്ന്, നാക്ക് നാല്, നടക്കാല് പത്ത്.
9. മുറ്റത്തെ മുള്ളൻ കായ ചന്തക്കു പോയി.
10. മുകളിൽ കാട്,അടിയിൽ പാറ,ഉള്ളിൽ ചോറ്.
11. മുള മുകളിൽ പനവിരിച്ച്.
12. മുറ്റത്തൊരമ്മ കുട ചൂടി നിൽക്കുന്നു.
13. രണ്ടു നീർച്ചാലിനൊരു പാലം.
14. രണ്ട് പറമ്പ് അടിക്കാനൊരു ചൂല്.
15. മണ്ണിൽ മുള്ളക്കാതെ മരത്തിൽ പടർന്നു.

*ഉത്തരം 38 ൽ*



# മനുഷ്യനെ മൃഗമാക്കും പൈശാചിക ശക്തി

*ജീവിതം തകർക്കുന്ന ലഹരിയാത്രേ*
*അവർക്ക് സമാധാനം....*
*മദ്യത്തിനെന്തോ മാധുര്യ മത്രേ....*
*മയക്കുമരുന്നെന്തോ മന്ത മരുന്നത്രേ...*
*യുവത്വത്തിന് സ്വർഗമത്രേ....*
*ലഹരി തൻ ലോകം....*

*ഹേ,ലഹരിക്കടിമയാം മനുഷ്യാ....*
*അറിയുക നീ ലഹരി എന്തെന്ന്?*
*ലഹരിതൻ ദൂഷ്യഫലങ്ങൾ*
*എന്തെന്നറിയുക നീ...*
*മനുഷ്യനെ മൃഗമാക്കുന്ന പൈശാചിക*
*ശക്തിയത്രേ അത്....*

*ലഹരിതൻ ലോകം നരഗ തുല്യമത്രേ...*
*വലിച്ചെറിയാം ലഹരിയേ...*
*ഒന്നായ് ചേരാം ലഹരിവിമുക്ത കേരളത്തിനായ്...*

*സഫ്ന.വി എം*

# പേപ്പറിന്റെ ആത്മകഥ

വർഷങ്ങൾക്ക് മുമ്പ് ഞാൻ ഈറ്റ(മുള) ആയിരുന്നു.എന്റെ ഒരുപാട് സുഹൃത്തുക്കൾ അന്ന് അവിടെ ഉണ്ടായിരുന്നു.വളരെ സന്തോഷപൂർവ്വമായി ഞങ്ങൾ ജീവിക്കുകയായിരുന്നു. ഒരു ദിവസം എവിടെ നിന്നോ ചില ആളുകൾ വന്ന് ഞാനൾപ്പടെയുള്ള എന്റെ സുഹൃത്തുക്കളെ അവർ വെട്ടി വീഴ്ത്തി.അതിന്റെ വേദന എനിക്ക് സഹിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നിട്ട് ഞങ്ങളെ വലിയ ഒരു തുറന്ന വണ്ടിയിൽ കയറ്റി. എന്നിട്ട് ഞങ്ങളെ എവിടേക്കോ കൊണ്ട് പോയി.അതിൽ നിന്നും ഞങ്ങളെ ഒരു യന്ത്രത്തിലേക്ക് വലിച്ചിട്ടു.പിന്നെ ഞാൻ പുറംലോകംകാണുന്നത് പേപ്പർ ആയ അവസ്ഥയിലാണ്.പിന്നീട്പേപ്പറുകളെല്ലാം അടുക്കിവച്ച് തുന്നി എന്നെ ബുക്കാക്കി തീർത്തു. അങ്ങനെ ഞാൻ ഒരു കച്ചവട വസ്തുവായി മാറി. എന്നെ കടകളിൽ വിൽപനക്ക് വച്ചു. എന്നിട്ട്ഒരാൾ വന്ന് 50 രൂപ കൊടുത്ത് എന്നെ വാങ്ങി.എന്നിട്ട് അതിൽ എന്തൊക്കെയോ എഴുതാൻ തുടങ്ങി .എന്റെ ബുക്കിലുള്ള പേജ് തീർന്നു.പിന്നീട് എന്റെ സ്ഥാനം തെരുവോരങ്ങളിലായിരുന്നു.

*ഫാത്തിമ ഷംലി*



# പട്ടം


ആകാശത്തിങ്ങനെരസിച്ചുനടക്കും
ചതുരത്തിൽ തലയുള്ള കൊച്ചു
പെണ്ണാര്  നീണ്ടൊരു വാലും
നീണ്ട രണ്ട് കയ്യും കൊണ്ടവൾ
മാനത്ത് പാറുന്ന കുഞ്ഞുങ്ങളെ
രസിപ്പിച്ചു പാറുന്നു.

ചിത്ര

സുനിൽ

# ഉത്തരങ്ങൾ

1. കണ്ണ്
2. കൈയിൽ ചോറുരുള
3. നെല്ല്
4. മലര്
5. നിലവിളക്ക്
6. വാഴയില
7. മനുഷ്യന്റെ ജനനവും, മരണവും
8. കന്നുപൂട്ടുക
9. കയ്പക്ക
10. തല
11. ഓലക്കുട
12. കൂൺ
13. മൂക്ക്
14. മുളംകൂട്ടം
15. ചിതൽ



***ജീവൻ കൃഷ്ണ. സി***
***9 B***

# തെയ്യം

'തെയ്യ'(ദൈവ)ങ്ങളെ ആരാധിച്ചു കൊണ്ടാരംഭിക്കുന്ന തെയ്യം കളി വടക്കേ മലബാറിൽ
ഏറെ പ്രചാരം സിദ്ധിച്ചിട്ടുള്ള അനുഷ്ഠാന കലാരൂപമാണ്.

മലയൻ
,വണ്ണാൻ
,മുന്നൂറ്റാൻ,അഞ്ഞൂറ്റാൻ,മുത്തപ്പൻ,കരിങ്കുട്ടിച്ചാത്തൻ,കുട്ടിവീരൻ,
പുലയർ,കുട്ടിച്ചാത്തൻ,ചാമുണ്ടി,മണ്ണപ്പൻ എന്നിവരുടെ തെയ്യം (കോലം) കെട്ടി
തെയ്യം കളിക്കുന്നത്. മേൽപറഞ്ഞവരുടെ വീരകഥകളാണ് തോറ്റം പാട്ടുകൾ എന്ന
പേരിൽ സംഭാഷണ ഗാനരൂപത്തിൽ അവതരിപ്പിക്കാറ്.

വലിയ കീടവും ,പേടിയുണ്ടാക്കുന്ന തരം ചായം തേപ്പും കുരുതോലകൊ-
ണ്ടുള്ള പാവാടയും ആഭരണങ്ങളുമണിഞ്ഞ തെയ്യം,ഗാനങ്ങളുടെ വേഗത്തിനും ചടുല
താളങ്ങൾക്കുമൊത്ത് ആവേശം പൂണ്ട് ചലിക്കുന്നതും ശബ്ദം പുറപ്പെടുവിപ്പിക്കുന്നതും
മറ്റും കാണാൻ എന്തൊരു ചന്തമാണെന്നോ!...

*കവിത*

# ബാല്യകാലം

*വാത്സല്യ വാക്കുകൾ ള്ളുത്തുവാരി*
*ചവറ്റ കൊട്ടയിലെറിയുമ്പോഴും*
*കളികളെ തട്ടിത്തെരിപ്പിച്ച്*
*പുസ്തപ്പുഴവാകുമ്പോഴും*
*ബല്യകാല സ്മരണകൾ*
*പെറുക്കിക്കൂട്ടുമ്പോഴും*
*ഞാനറിഞ്ഞില്ല*
*അത് പെട്ടെന്ന്*
*കൊഴിഞ്ഞു പോകുമെന്ന്*
*ഒരു പുഷ്പത്തെപ്പോലെ...!*

*റാഹിലാ നസ്രിൻ. എം*

# ദയ എന്ന പെൺകുട്ടി

## (വായനാ കുറിപ്പ്)

*എംടിയുടെ ദയ എന്ന പെൺകുട്ടി വളരെ രസകരമായ ഒരു കഥയാണ്.കഥയിൽ ദയ എന്ന പെൺകുട്ടിയാണ് പ്രധാന കഥാപാത്രം കഥ നടക്കുന്നത് അറേബ്യയിലാണ്.മൻസൂർ എന്ന യുവാവിനെ പറ്റിയാണ് കഥയിൽ ആദ്യം പറയുന്നത്.മൻസൂരിന്റെ പിതാവിന്റെ മരണശേഷം മൻസൂർ ഒറ്റപ്പെടുകയും പിന്നീട് ദയയെ വിവാഹം കഴിക്കുകയും മൻസൂറിനെ ദയയെ നഷ്ടപ്പെടുകയും അവസാനം ദയയെ ഒരു കൊട്ടാത്തിൽ നിന്ന് ലഭിക്കുകയും ചെയ്യുന്ന അറേബ്യയിലെ കച്ചവടക്കാഴ്ച്ചകളെയും ദയ നേരിടുന്ന ദുരന്തങ്ങളെ കുറിച്ചും കഥയിൽ വ്യക്തമായിപറയുന്നു. എംടിയുടെ ഈ കൃതി കാഴ്ചകൾ മനസ്സിലേക്ക് തരുന്നു.ഈ കഥാസമാഹാരം മലയാള ചലച്ചിത്രമാക്കിയിട്ടുണ്ട്.വളരെ ഏറെ ആകർഷിക്കുന്നതാണിത്. എംടിയുടെ കൃതിയായത് കൊണ്ട് ഒട്ടേറെ സവിശേഷതകൾ ഇതിനുണ്ട് ലളിതമായ ഭാഷ എന്നത്തന്നെയാണ് ഏറ്റവും വലിയ സവിശേഷത അറേബ്യയിൽ നിലനിന്നിരുന്ന കള്ളന്മാരെയും പിടിച്ചുപറിക്കാരയും കുറിച്ച് ഇതിൽ പറയുന്നു*

*നഫല.വികെ*

***10-B***

# വേനൽ മഴ

*ഒരു മഴ വരുന്നുണ്ട്,*
*ചുറ്റിവളഞ്ഞ് കാറ്റിനൊപ്പം,*
*ഇരുണ്ട കാറിനൊപ്പം*
*വിരുന്ന് വരുന്നത് പോലെ*
*വന്നു പോകുന്നു.*
*ഒന്ന് തണുപ്പിക്കും.*
*വാശിപ്പിടിച്ചാൽ*
*മുട്ടോളം പെയ്ത്*
*എന്നെ അവളിലേക്ക്*
*നിറക്കുന്നു.*
*ഞാൻ,*
*മഴയുടെ കൂടെ പെയ്ത് ഒഴിയണം*
*എന്ന് കരുതിയതാണ്,*
*എന്നാൽ,*
*എന്നെ കൂട്ടണ്ടേ*
*ഒറ്റക്ക് പോകും*
*ഇനി, നാളെ*
*അങ്ങനെ ദിനങ്ങൾ തുടർന്ന് പോകും*
*ഞാൻ ,എന്നും*
*മഴയെ കൊള്ളുക മാത്രം ചെയ്യു.*

***ഹരിപ്രിയ .എൻ***

# രൂപ ചിഹ്നം

₹

2010 ജൂലായ് 15 ന് ആണ് രൂപക്ക് ചിഹ്നം അംഗീകരിക്കപ്പെട്ടത്. ഉദയകുമാർ എന്നയാളാ-ണ് ഇത് രൂപകൽപന ചെയിതത്. ദേവനാഗിരി ലിപിയിലെ 'र' എന്ന അക്ഷരത്തോടും റോമൻ ലിപിയിലെ 'R' എന്ന അക്ഷരത്തോടും സാദ്യശ്യമുള്ളതാണ് ഈ ചിഹ്നം. മുകളിൽ കുറുകെ രണ്ട് സമാന്തര വരകളുണ്ട്. ഇന്ത്യയുടെ കറൻസിക്ക് അന്താരാഷ്ട്ര സ്വത്വം പ്രദാനം *ചെയ്യുന്നതാണ് ഈ ചിഹ്നം.*

***കവിത***

# സ്മരണ

*എൻ പ്രിയ സോദരി...*
*എത്ര മേൽ ചോല്ലി ഞാൻ*
*അരുതരുതെയങ്ങു*
*പോകരുതേ...*
*എങ്ങുനിന്നോ വന്നോരപകടം*
*നിൻ തുടിപ്പുമായി പോകവേ...*
*നിൻ ജീവിത സ്വപ്നങ്ങൾ*
*ഇന്നും ബാക്കിയാകവേ...*
*നിൻ ഓർമകൾ എന്ന് മനസ്സിൽ*
*ഓർമതൻ സ്നേഹതുള്ളിയായ്*
*എന്നും നിലനിൽകുമെൻ*
*മനസ്സിൽ...*

*റസീന തസ്നി.വിസി*

# കഥകളി

*അഭിനയം,വാധ്യം,സാഹിത്യം,ചിത്രകല തുടങ്ങിയമിക്ക അടിസ്ഥാനകലകളും കഥകളിയിൽ ഒത്തുചേരുന്നു.അഭിനയത്തിന്റെ നാലംശങ്ങളിലും (അംഗീകാരം,വാചികം, സാത്വികം,ആഹാര്യം) സമ്പ്രദായികരണം (stylisation) എന്നിവ അതിന്റെ പരിപൂർണ്ണതയിലെത്തിച്ചേർന്ന കലയാണ് കഥകളി.*

*പച്ച,കത്തി,താടി,കരി എന്നിങ്ങനെ 4 വേഷങ്ങളാണ് കഥകളിക്കുള്ളത്. പച്ച രാജാക്കന്മാരെ യും,കത്തി ദൈത്യന്മാരെയും താടി രാക്ഷസന്മരേയും , കരി താപസാദികളേയും സൂചിപ്പിക്കുന്നു.*

*ഭാരതത്തിലെ 4 പ്രധാനപ്പെട്ടക്ലാസിക്ക് നൃത്തങ്ങളിൽ ഒന്നായി വിശേഷിപ്പിക്കപ്പെടുന്ന കേരളീയ ദൃ- ശ്യകല കൂടിയാണിത്. ആട്ടം,പാട്ട്,ശൃംഗാരം,വീരം,രൗദ്രം,കരുണം എന്നീ രസങ്ങളാണ് യഥാക്രമം ഈ 4 വേ ഷങ്ങൾക്കും പ്രധാനമായി അഭിനയിക്കാനുള്ളത്. കേളി,ശുദ്ധമദ്ദള,തോടയം, വന്ദനശ്ലോകം,പുറപ്പാട്, മേളപ്പ- ദം,അഭിനയം എന്നിങ്ങനെ പ്രധാനപ്പെട്ട ചടങ്ങുകളായി കഥകളി വിഭജിക്കപ്പെട്ടിരിയ്ക്കുന്നു.ചെണ്ട,മദ്ദളം, ചേ- ങ്ങില,കൈമണി തുടങ്ങിയ വാദ്യങ്ങൾ എല്ലാ രംഗങ്ങൾക്കും ഉപയോഗിക്കുന്നു.കോട്ടയം തമ്പുരാൻ,കാർത്തി- തിരുനാൾ , രാമവർമ്മരാജ, ഉണ്ണായിവാര്യർ,അശ്വതിത്തിരുനാൾ തമ്പുരാൻ,ഇരയിമ്മൻ തമ്പി, വീരകേരള- വർമ്മ തുടങ്ങിയവർ കഥകളി കൃതികൾ രചിച്ചിട്ടുണ്ട്.മഹാകവി വള്ളത്തോൾ നാരായണമേനോൻ ചെറുതു- രുത്തിയിൽ ആരംഭിച്ച കേരളകലാമണ്ഡലം കഥകളിയെ ആഘഗോളതലത്തിൽ ശ്രദ്ധേയമാക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.*

# To My soul




You know why do I go the beach ?
To watch the sea ..
To count the waves ..
To enjoy the sunset ..
To eat the nuts ..

I know your answers
You know why do I go to cinema ?
Your answers will be the same,
but not mine ...

To become a part of the crowd ...
To feel that I' am not alone ...
And to hide my tears ...

H S T Bindu



# നന്ദി